## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 44 | 10.06.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതി ബോർഡിൻെറ കടബാദ്ധ്യതകൾ

ചോദ്യം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) ഇലക്ട്രിസിറ്റി ബോർഡിൻെറ കടബാദ്ധ്യതകളും അത് നിറവേറ്റാനുള്ള ശ്രമങ്ങളും സംബന്ധിച്ച് വിശദമാക്കുമോ ;

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കുന്നത് ഇപ്രകാരം 2012-13 ലെ ആഡിറ്റ് നടന്നുകൊണ്ടിരിക്കുന്ന താത്ക്കാലിക കണക്കു പ്രകാരം ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള കടബാദ്ധ്യതകൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം 2012-13 | തുക (കോടിയിൽ) |
|---|---|
| ക്യാപ്പിറ്റൽ ലയബിലിറ്റീസ് | 2134.20 |
| വർക്കിങ്ങ് ക്യാപ്പിറ്റലിനു വേണ്ടിയുള്ള ലോൺ | 1942.97 |
| **ആകെ** | **4077.17** |

മുൻ വർഷങ്ങളിലുള്ള മഴയുടെ ലഭ്യത കുറവു മൂലം ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങേണ്ടി വന്നതും വിവിധ ചെലവുകളിൽ കാലാനുസൃതമായുണ്ടായ വർദ്ധനവിനനുസൃതമായി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാതിരുന്നതുമാണ് കടബാദ്ധ്യതയുണ്ടാവാനുള്ള പ്രധാന കാരണങ്ങൾ. എന്നാൽ ഇപ്പോഴും മൊത്തം കടബാദ്ധ്യതകൾ ബോർഡ് നിശ്ചയിച്ചിട്ടുള്ള വായ്പാ പരിധിക്കുള്ളിൽത്തന്നെയാണ്.

വിവിധ പുതിയ പദ്ധതികൾ പൂർത്തീകരിക്കുമ്പോഴുണ്ടാകുന്ന അധിക വരുമാനത്തിൽ നിന്നും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും, വാങ്ങുന്ന വൈദ്യുതി വിലയ്ക്കനുസരിച്ചും വർദ്ധിച്ച മറ്റു ചെലവുകൾക്കനുസൃതമായി വൈദ്യുതി വില പുനർനിർണ്ണയിക്കുന്നതിലൂടെയുമുള്ള അധിക വരുമാനം ഉപയോഗിച്ചും, സർക്കാരിൽ നിന്നും ലഭിക്കാനുള്ള സബ്സിഡി തുക ലഭ്യമാകുന്നതിനനുസരിച്ചും കടബാദ്ധ്യത കുറയ്ക്കാനാണ് ബോർഡ് ശ്രമിക്കുന്നത്.

(ബി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ. എസ്. ഇ. ബി ക്ക് ഉണ്ടായിരുന്ന കടബാദ്ധ്യത എത്രയായിരുന്നു ;

(ബി) ആഡിറ്റ് സർട്ടിഫിക്കേറ്റ് ലഭിച്ച 2005-06 സാമ്പത്തിക വർഷം ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള കടബാദ്ധ്യത താഴെ ചേർക്കുന്നു.

| 2005-06 | തുക (കോടിയിൽ) |
|---|---|
| ക്യാപ്പിറ്റൽ ലയബിലിറ്റീസ് | 3335.93 |
| വർക്കിങ്ങ് ക്യാപ്പിറ്റലിനു വേണ്ടിയുള്ള ലോൺ | 89.74 |
| **ആകെ** | **3425.67** |

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ. എസ്. ഇ. ബിയുടെ ആകെ കടബാദ്ധ്യത എത്രയായിരുന്നു ; നിലവിലുള്ള കടബാദ്ധ്യതകൾ എന്തെല്ലാമാണ് ;

(സി) ആഡിറ്റ് സർട്ടിഫിക്കേറ്റ് ലഭിച്ച 2010-11 സാമ്പത്തിക വർഷം ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള കടബാദ്ധ്യത ചുവടെ നൽകുന്നു.

| 2010-11 | തുക (കോടിയിൽ) |
|---|---|
| ക്യാപ്പിറ്റൽ ലയബിലിറ്റീസ് | 1066.50 |
| വർക്കിങ്ങ് ക്യാപ്പിറ്റലിനു വേണ്ടിയുള്ള ലോൺ | 317.64 |
| **ആകെ** | **1384.14** |

2013-14 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഉള്ള 31-03-2014-ലെ കടബാദ്ധ്യത ചുവടെ ചേർക്കുന്നു.

| | തുക (കോടിയിൽ) |
|---|---|
| ക്യാപ്പിറ്റൽ ലയബിലിറ്റീസ് | 1431.50 |
| വർക്കിങ്ങ് ക്യാപ്പിറ്റലിനു വേണ്ടിയുള്ള ലോൺ | 3829.49 |
| **ആകെ** | **5260.99** |

(ഡി) വൈദ്യുതി ബോർഡിന്റെ കമ്പനിവൽക്കരണവുമായി ബന്ധപ്പെട്ട് പ്രസ്തുത കടബാദ്ധ്യതകൾ പുനഃക്രമീകരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

(ഡി) കമ്പനിവൽക്കരണവുമായി ബന്ധപ്പെട്ട് ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള കടബാദ്ധ്യതകളൊന്നും പുനർക്രമീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.